(ഇ) വിവരം ചുവടെ ചേർക്കുന്നു.

1997-1998-ൽ	1,08,42,502 രൂപയും
1998-1999-ൽ	2,46,45,289 രൂപയും
1999-2000-ൽ	3,54,44,032 രൂപയും ലഭിച്ചിട്ടുണ്ട്.

(എഫ്) എയ്ഡ്സ് നിവാരണ പദ്ധതിയുടെ പ്രവർത്തനത്തിന്റെ പൂർണ്ണമായ വിലയിരുത്തൽ നടത്തിയിട്ടില്ല. എങ്കിലും ഡിപ്പാർട്ടുമെന്റ് ഓഫ് ഇന്റർ നാഷണൽ ഡവലപ്മെന്റ് ഇൻഡ്യയിൽ നിന്ന് ലഭിക്കുന്ന സഹായം ഉപയോഗിച്ച് ഉള്ള പ്രവർത്തനങ്ങൾ എല്ലാ വർഷവും അവലോകനം ചെയ്യുന്നുണ്ട്.

(ജി) ഇപ്പോൾ കേരളത്തിലൊട്ടാകെ 40 പ്രോജക്ടുകൾ നല്ല രീതിയിൽ നടന്നു വരുന്നു. എയ്ഡ്സ് നിയന്ത്രണ പദ്ധതികളുടെ ഉദ്ദേശം എച്ച്. ഐ. വി. ബാധിതരുടെ എണ്ണം കുറയ്ക്കുക എന്നതാണ്. രക്തദാനത്തിലൂടെ അണുബാധ പകരുന്നത് പൂർണ്ണമായും തടഞ്ഞിട്ടുണ്ട്. ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി കേരളത്തിലെ 90%-ൽ കൂടുതൽ പേരും എയ്ഡ്സ് രോഗത്തെപ്പറ്റി ബോധവാന്മാരാണെന്ന് 1998-ൽ നടത്തിയ സർവേയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ എച്ച്. ഐ. വി. പടരുന്നത് നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(എച്ച്) സംസ്ഥാനത്ത് ലഭ്യമായ കണക്കുകൾ അനുസരിച്ച് 2002 എയ്ഡ്സ് രോഗികൾ ഉണ്ടെന്ന് കണക്കാക്കപ്പെട്ടിരുന്നു.

(ഐ) 3000 ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശമുണ്ട്.

(ജെ) പല രോഗികളിലും ആയുർവേദ ചികിത്സമൂലം ഗുണപരമായ മാറ്റം കണ്ടുവരുന്നതായി ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. കൂടുതൽ ഗവേഷണങ്ങൾ നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ആരോഗ്യരംഗം മെച്ചപ്പെടുത്തുന്നതിനായി യൂറോപ്യൻ കമ്മീഷന്റെ സാമ്പത്തിക സഹായം

16 (*605) ശ്രീ. കെ. ടി കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആരോഗ്യരംഗം മെച്ചപ്പെടുത്തുന്നതിനായി യൂറോപ്യൻ കമ്മീഷന്റെ സാമ്പത്തിക സഹായത്തോടെ എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) ഈ പദ്ധതിയിലേയ്ക്കായി എന്ത് സാമ്പത്തിക സഹായം ലഭ്യമാക്കുമെന്നും എന്തെല്ലാം മേഖലകളിലാണ് പ്രസ്തുത തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) ഉദ്ദേശിക്കുന്നുണ്ട്. യൂറോപ്യൻ കമ്മീഷന്റെ സഹായത്തോടെ സംസ്ഥാനത്ത് സെക്ടർ ഇൻവെസ്റ്റ്മെന്റ് പ്രോഗ്രാം (SIP) എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 1997-ൽ ഭാരത സർക്കാരും യൂറോപ്യൻ കമ്മീഷനും ഒപ്പുവച്ച സാമ്പത്തിക ഉടമ്പടിയുടെ അടിസ്ഥാനത്തിൽ ഭാരത സർക്കാർ ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ പരിപാടികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ഫലപ്രദമാക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. കേരളത്തിൽ കൊല്ലം ജില്ലയാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി കേരളത്തിന് 20 ലക്ഷം രൂപ ആദ്യഗഡുവായി കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. ആരോഗ്യമേഖലയിൽ പ്രാഥമിക ആരോഗ്യസംരക്ഷണത്തിന് ഊന്നൽ നല്കിക്കൊണ്ട് വിശിഷ്യ പ്രജനന ശൈശവ ആരോഗ്യപരിപാടിക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള പരിപാടികൾക്കാണ് പദ്ധതിയുടെ ഫണ്ട് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്.

കാർഡിയോളജി ഐ. സി. യൂണിറ്റിന് കെ. എച്ച്. ആർ. ഡബ്ല്യൂ. എസ്. ന് കൈമാറുന്ന നടപടി

17 (*606) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാർഡിയോളജി ഐ. സി. യൂണിറ്റ് കെ. എച്ച്. ആർ. ഡബ്ല്യൂ. എസ്-ന് കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ കാരണം വിശദീകരിക്കുമോ ;

(സി) പ്രസ്തുത യൂണിറ്റ് കൈമാറിയാൽ ഇവിടെ പ്രവേശിച്ചിരിക്കുന്ന രോഗികൾ കെ. എച്ച്. ആർ. ഡബ്ല്യൂ.എസ്-ന് എന്തെങ്കിലും ഫീസ് നൽകേണ്ടതായി വരുമോ ;

(ഡി) പ്രസ്തുത യൂണിറ്റിൽ ആവശ്യത്തിനുള്ള ഡോക്ടർമാരെയും മറ്റു ജീവനക്കാരെയും മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്ന് അയയ്ക്കേണ്ടതായി വരുമോ ;

(ഇ) ഈ യൂണിറ്റിനുവേണ്ടി കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. എന്തെങ്കിലും സൗകര്യം ചെയ്തിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇതിനുവേണ്ടി അവർക്ക് എന്ത് ചെലവ് വന്നു എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly